"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങളെ കുറിച്ചുള്ള സർവേ: **2025-26** നടത്തുന്നതിന് **10** ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.515/2025/P&EA തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-
1. 28.09.2022 ലെ സ.ഉ.(കൈ) നമ്പർ.22/2022/പി&ഇഎ.
2. 01.04.2025 തീയതിയിലെ PLGEA-B1/10/2024-PLGEA നം സർക്കാർ കത്ത്.
3. 06.05.2025 തീയതിയിലെ ഡിഇഎസ്/2216/2024-PL(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികളുടെ ബാഹുല്യം സാമൂഹിക സാമ്പത്തിക മേഖലകളിൽ സൃഷ്ടിക്കുന്ന സ്വാധീനം മനസിലാക്കുന്നതിനായുള്ള പഠനം നടത്തുന്നതിന് 14-ാം കേരളനിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2019-21) യുടെ 25-ാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത സർവേ നടത്താൻ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിനെ ചുമതലപ്പെടുത്തി കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് നൽകുകയും ഇക്കാര്യം അടിയന്തര പ്രാധാന്യത്തോടെ പരിഗണിച്ച് നിയമസഭാ സമിതി ശിപാർശ ചെയ്ത പ്രകാരം കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സാമ്പിൾ സർവേ നടത്തുന്നതിനുള്ള തുടർനടപടികൾ 2025-26 സാമ്പത്തിക വർഷം തന്നെ സ്വീകരിക്കേണ്ടതാണെന്ന് സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. പ്രസ്തുത നിയമസഭാ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജില്ലാതലത്തിൽ നിശ്ചിത എണ്ണം ഗ്രാമപഞ്ചായത്ത് വാർഡുകളും, മുനിസിപ്പാലിറ്റി വാർഡുകളും, കോർപ്പറേഷൻ വാർഡുകളും, രീതിശാസ്ത്ര പ്രകാരം തെരഞ്ഞെടുത്ത് അന്യസംസ്ഥാന

തൊഴിലാളികളുടെ എണ്ണം കണക്കാക്കുന്നതിനുള്ള സാമ്പിൾ സർവേ നടത്താവുന്നതാണ് എന്ന് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങളെ കുറിച്ചുള്ള സർവേ: **2025-26** നടത്തുന്നതിന് **3454-02-112-96-34 OC-03-Other Items** -സർവേയും പഠനവും (പ്ലാൻ) എന്ന ശീർഷകത്തിൽ **10.00** ലക്ഷം രൂപ അധിക തുകയായി വകയിരുത്തി കൊണ്ട് ഭരണാനുമതി ലഭ്യമാക്കണമെന്നും സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **14-**ാം കേരളനിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി **(2019-21)** യുടെ **25-**ാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സാമ്പിൾ സർവേ നടത്തുന്നതിന് **'3454-02-112-96-34-03-OC -PV** സർവേയും പഠനവും' എന്ന ശീർഷകത്തിൽ , ചുവടെ ചേർത്ത പ്രകാരം, **10** ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നമ്പർ** | **ഇനം** | **പ്രതീക്ഷിത ചെലവ് (ലക്ഷത്തിൽ)** |
|---|---|---|
| **1** | ഫീൽഡ് തല വിവരശേഖരണ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും സൂപ്പർവൈസറി ഓഫീസർമാർക്കുമുള്ള സംസ്ഥാന ജില്ലാതല പരിശീലനം, സ്ക്രൂട്ടിനി പരിശീലനം, മീറ്റിംഗുകൾ, വർക്ക് ഷോപ്പുകൾ, പൊതുതലത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന ദ്വിഭാഷികൾക്കുള്ള ഓണറേറിയം | **5** |
| **2** | മൊബൈൽ ആപ്ലിക്കേഷൻ/ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കൽ, ഡാറ്റ ചാർജ്ജ് | **4** |
| **3** | റിപ്പോർട്ട് തയ്യാറാക്കൽ, അച്ചടി, ഇതര ചെലവുകൾ | **1** |
| | ആകെ | **10** |

4. പ്രസ്തുത സർവ്വെയ്ക്കുള്ള ചെലവുകൾ ഇപ്പോൾ ലഭ്യമായിട്ടുള്ള ബജറ്റ് പ്രോവിഷനിൽ നിന്നും വിനിയോഗിക്കേണ്ടതും, ടി ശീർഷകത്തിലെ ബജറ്റ് വിഹിതം കഴിയുന്നതിന് അനുസരിച്ച് അധിക ധനാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (**EXP-B3/67/2024-FIN dated 24.10.2024**)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Unnikrishnan Nair. B. S
Date: 19-12-2025 14:37:16
സെക്ഷൻ ഓഫീസർ